**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5929** **25-03-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ ചാർജ്ജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന് കീഴിൽ സ്ഥാപിച്ചിട്ടുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>അരുവിക്കര മണ്ഡലത്തിൽ 7 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്, ആയതിന്റെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പുതുതായി ഏതെല്ലാം സ്ഥലങ്ങളിലാണ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ബി) | **കെ.എസ്.ഇ.ബി.എൽ.**<br><br>നിലവിൽ പദ്ധതികൾ ഒന്നുമില്ല, സ്വകാര്യ പങ്കാളിത്തത്തോടെ കെ.എസ്.ഇ.ബി.എൽ. ചാർജിംഗ് സ്റ്റേഷനുകൾ പരിഷ്കരിക്കുന്നതിനും പുതിയ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ച് വരുന്നു. കേന്ദ്ര ഊർജ്ജ വകുപ്പിന്റെ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടത്. ഇത് നിലവിൽ ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന സാങ്കേതിക സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചാർജിംഗ് സ്റ്റേഷനുകൾ ആർക്കും സ്ഥാപിക്കാവുന്നതാണ്.<br><br>**അനെർട്ട്**<br><br>നിലവിൽ അരുവിക്കര മണ്ഡലത്തിൽ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടില്ല.<br><br>ഇലക്ട്രിക് കാറുകൾക്ക് വേണ്ടി ഉള്ള ഡി സി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ പ്രധാനമായും ആവശ്യമായി വരുന്നത് ദീർഘദൂര യാത്രകളിലാണ്. പ്രസ്തുത നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കഫറ്റേരിയ, വാഷ്റൂം സംവിധാനത്തോട് കൂടിയ 100 ചതുരശ്ര മീറ്റർ സർക്കാർ അധീനതയിലുള്ള സ്ഥലം ആവശ്യമാണ്. ലാൻഡ് സ്കെച്ചും, ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഫണ്ടും, 10 വർഷത്തേക്കുള്ള ലാൻഡ് ലീസ് എഗ്രിമെന്റും ലഭ്യമാവുകയാണെങ്കിൽ |

| | | | |
|---|---|---|---|
| | | | ഇ-കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള പബ്ലിക് ഇ വി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സംവിധാനം ഒരുക്കാവുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## അരുവിക്കര മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള

## പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെ വിവരം

| Sl No | Constituency | Location |
|---|---|---|
| 1 | Aruvikkara(136) | Rest house |
| 2 | Aruvikkara(136) | Near Village office Vellanad |
| 3 | Aruvikkara(136) | Aruvikkara Town |
| 4 | Aruvikkara(136) | Azhikode Town |
| 5 | Aruvikkara(136) | Near KSRTC stand, Vellanad |
| 6 | Aruvikkara(136) | Opposite to Govt LPS Nacramchira |
| 7 | Aruvikkara(136) | Near KSEB office |